**ലജ്ജിക്കണം നാം ഓരോരുത്തരും!!!**

- Rajeevan C

ഈ വർഷത്തെ Global Hunger Report പുറത്തു വന്നിരിക്കുന്നു. ആഗോള പട്ടിണി സൂചികയുടെ (Global Hunger Index) അടിസ്ഥാനത്തിൽ രാജ്യങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. മൊത്തം ജനതക്കുള്ള പോഷകാഹാര കുറവ്, അഞ്ച് വയസ്സിന് താഴെ പ്രായമുള്ള കുട്ടികളിൽ അതിരൂക്ഷമായ പോഷകാഹാര കുറവ് മൂലം സംഭവിക്കുന്ന wasting, Stunting, അഞ്ച് വയസ്സിന് താഴെ പ്രായമുള്ള കുട്ടികളിൽ സംഭവിക്കുന്ന മരണ നിരക്ക് എന്നിവ കണക്കാക്കിയാണ് പട്ടിണി സൂചിക (Hunger Idex) തയ്യാറാക്കുന്നത്. GHI അഞ്ച് ശതമാനത്തിന് താഴെയാണെങ്കിൽ ആ രാജ്യം മെച്ചപ്പെട്ട അവസ്ഥയിലാണ്. 20 മുതൽ 35 വരെ ഗുരുതരവും 35 മുതൽ 50 വരെ ഭയാനകവും 50 ശതമാനത്തിനു മുകളിൽ അതി ഭയാനകവുമാണ്. 2000 മുതലുള്ള ഇരുപത് വർഷം എടുത്താൽ മിക്കവാറും എല്ലാ രാജ്യങ്ങളും പട്ടിണി കുറക്കുന്നതിൽ നല്ല രീതിയിൽ മുന്നോട്ടു പോയിട്ടുണ്ട്. 116 രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം 101 ആണ് എന്നത് നമ്മെ ലജ്ജിപ്പിക്കേണ്ടിയിരിക്കുന്നു.



2000 ൽ GHI 50.9 ആയിരുന്ന ആഭ്യന്തര കലാപങ്ങളാൽ നട്ടം തിരിയുന്ന അഫ്ഗാനിസ്ഥാൻ 2021 ലെ അവരുടെ GHI 28.3 ആക്കിയിരിക്കുന്നു. 103 ആണ് അവരുടെ സ്ഥാനം.

കെനിയ എന്ന ആഫ്രിക്കയിലെ പട്ടിണി രാജ്യം 2000 ലെ GHI 36.7 ൽ നിന്നും 23 ൽ എത്തിയിരിക്കുന്നു. അവരുടെ സ്ഥാനം 87 ആണ്.

ആഫ്രിക്കയിലെ മറ്റൊരു പട്ടിണി രാജ്യം എത്യോപ്യ. 2000 ൽ GHI 53.5 ആയിരുന്നു ഇപ്പോൾ 24.1. സ്ഥാനം 90

ഇനി നമ്മുടെ അയൽ രാജ്യം പാക്കിസ്ഥാൻ. 2000 ലെ GHI 36.7 ൽ നിന്നും 24.7 ആക്കി. സ്ഥാനം 93

നമ്മുടെ ഇന്ത്യ. 2000 ൽ GHI 38.8 ഇപ്പോൾ 27.5. സ്ഥാനം 101

കെനിയയും എത്യോപ്യയും പാക്കിസ്ഥാനുമെല്ലാം പട്ടിണിയുടെ കാര്യത്തിൽ നമ്മേക്കാൾ ഭേദമാണ്.

അഫ്ഗാനിസ്ഥാൻ നമുക്ക് പിന്നിലെന്ന് ആശ്വസിക്കാം. അപ്പോഴും അവർ GHI 50.9 ൽ നിന്നും 28.3 ആയി കുറച്ചു എന്ന് വിസ്മരിക്കരുത്.